**കേരള പബ്ലിക് സർവീസ് കമ്മീഷൻ**
**ജില്ലാആഫീസ് കാസറഗോഡ്**

സാധ്യതാ പട്ടിക നമ്പർ: കെ.ജി.ഡി.111/പി.എൽ/3/2008 കാസറഗോഡ്
കാറ്റഗറി.നമ്പർ 269/2007. 12.11.2008.

## വിജ്ഞാപനം

14.08.2007--ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കാസറഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ 4400-6680 രൂപ ശമ്പള നിരക്കിൽ **ഫീൽഡ് വർക്കർ** (കാറ്റഗറി.നംപർ. 269/2007) **സംവരണ സമുദായം (ധീവര)** തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 03.05.2008–തീയതിയിൽ നടത്തിയ ഒ.എം.ആർ.പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനതീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരുകാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. രജിസ്റ്റർ നമ്പരുകൾക്ക് മുന്നിലായി കാസറഗോഡ് ജില്ലയെ സൂചിപ്പിക്കുന്ന ബി (B) എന്ന അക്ഷരം ചേർത്ത് വായിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 200047 | 200049 | 200074 | 200105 |
| 200109 | 200158 | 200173 | 200191 |
| 200220 | 200228 | | |

<u>കുറിപ്പ്</u> 1:- അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പരുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

<u>കുറിപ്പ്</u> 2:- അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

പരീക്ഷയിൽ 66(അറുപത്തി ആറ്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിദ്യാഭ്യാസ യോഗ്യത,ജനനതീയതി സംവരണാനുകൂല്യത്തിനുള്ള അർഹത, ശാരീരിക യോഗ്യത എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ രേഖകളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും സഹിതം **24-11-2008** ന് രാവിലെ **10.30** മണിക്ക് പി.എസ്.സി.യുടെ കാസറഗോഡ് ജില്ലാ ഓഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല. സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധികരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല.

***ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട അസ്സൽ സർട്ടിഫിക്കറ്റുകൾ***

1) ജനനതീയതി,വയസ്സ് : സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ സംഗതമായ മറ്റു സർട്ടിഫിക്കറ്റ്

(2) വിദ്യാഭ്യാസ യോഗ്യത : ഗസറ്റ് വിജ്ഞാപനത്തിൽ ഈ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യത സർട്ടിഫിക്കറ്റും പകർപ്പും.

(3) ജാതി,സമുദായം : നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ്/ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്.

(4) ശാരീരിക യോഗ്യത : നല്ല കായിക ശേഷിയുണ്ടായിരിക്കണം. അംഗവൈകല്യങ്ങളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള രോഗങ്ങളിൽ നിന്നും വിമുക്തമായിരിക്കണം. ഇവ രണ്ടും തെളിയിക്കുന്നതിനായി അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ആഫീസറിൽ നിന്ന് ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്.

(9) മറ്റേതെങ്കിലും അർഹത : മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും പകർപ്പും

മുകളിൽ പറഞ്ഞപ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും വെരിഫിക്കേഷൻ സമയത്തിനുശേഷം ഹാജരാക്കാൻ അവസരം നൽകുന്നതല്ല.

(ഉത്തരവിൻ പ്രകാരം)

എ. ശ്രീകുമാരൻ ആചാരി,
ജില്ലാ ആഫീസർ,
കെ.പി.എസ്.സി. ,ജില്ലാ ആഫീസ്
കാസറഗോഡ്

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ആഫീസർ.

*എൽ.എസ്.*